# SSMHSS THEYYALINGAL

## LITTLE KITES

### DIGITAL MAGAZINE

**2019-2020**

# പൂക്കൾ



**ഉള്ളടക്കം**


പൂക്കളും കുട്ടികളും.....3

ഫാത്തിമ ജുമാന എൻ.....3

മഞ്ഞിൽ വിരിഞ്ഞ പൂവ്.....4

ഫസ്ന ജാസ്മിൻ.....4

കരിയില.....5

ഫാത്തിമ മിന്ന എൻ.....5

ഡയാനയുടെ സ്വപ്നം.....6

ആയിഷ റിസാന വിപി.....7

പ്രണയം.....8

അർജുൻ പി.....8

രാജകുമാരി സിൽസില.....9

ബൽക്കീസ് പി.ക.....9

കുടയില്ലാത്തവൾ.....9

ഫസ്ന ജാസ്മിൻ.....10

.....11

ഹരിത ജീവിതം.....11

പരിശ്രമം കൊണ്ട് ശ്രീമാനാകാം.....12

റമീഷ തെസ്നീം കെകെ.....12

ഭാരം കുറക്കാൻ.....13

റിൻഷ നിദ പി.....13

അവൻ.....14

റിഥുൽ മോഹൻ.കെ.....14

ഭാഗ്യദോഷി.....15

സജ്ന എൻവി.....15

ഭൂമിയമ്മേ....!.....16

സജ്ന എൻവി.....16

പൂവർണം.....17

ഷഹന ഷെറിൻ എ.....17

അനുഭവിക്കുന്നതെന്ത്?.....18

ഷഹന ഷെറി.....18

സ്വഭാവം.....19

ശ്രുതി കെ.....19

അമ്മുവിൻെറ സ്മാർട്ട് ഫോൺ.....20

റഷീക്ക യാസ്മിൻ .പി രജേശ്വരി കെ.....20

കേരളം.....21

രജേശ്വരി കെ......................................................................................................21

# പൂക്കളും കുട്ടികളും

പൂവിനും ചുറ്റും മൂത്തിമണക്കാൻ
വണ്ടുകൾ പാറിവരുന്നുണ്ട്
പൂവ് പറിക്കാൻ പൂന്തേൻ നുകരാൻ
കുട്ടികൾ ഓടിവരുന്നുണ്ട്

പാട്ടിന് പോയൊരു കാറ്റും വന്ന്
കൗതുകം കാട്ടിച്ചിരിക്കുന്നു
കാറ്റു വെച്ചും പുഞ്ചിരിച്ചു
പൂവിന് ചന്തം വിരിയുന്നേ

ഫാത്തിമ ജുമാന എൻ

# മഞ്ഞിൽ വിരിഞ്ഞ പൂവ്

നിലാവിന്റെ വെണ്മയിൽ വിരിഞ്ഞ എൻ പുഷ്പമേ......
പ്രകൃതിതൻ മടിത്തട്ടിൽ തലോടലേറ്റ് മയങ്ങുകയാണോ നീ
പ്രകൃതിതൻ കൈകളിൽ സുരക്ഷിതമാണുനീ.....
ഇന്നലത്തെ ഓർമകൾ നിന്നെ മുഷിപ്പിച്ചുവോ?
എങ്കിൽ ഇന്നലകളെ നീ മായ്ച്ചു കളഞ്ഞേക്ക്,,,,,,,,,,

ഫസ്ന ജാസ്മിൻ

# കരിയില

ഒരു കരിയില വീണു കിടക്കുന്നു
വരും തലമുറയിലെ വരൾച്ചയുടെ
ചിഹ്നമായി.........

മനുഷ്യൻ എന്ന പാപി ചെയ്ത
ക്രൂരതയുടെ അടയാളമായി
ചപ്പു ചവറുകളും ദുർഗന്ധം
പൂരിതമാക്കുന്ന പ്രകൃതിയെ
ആരുണ്ട് ഇവിടെ ഇതിനോട്
പ്രതികരിക്കാൻ

ഈ ലോകത്തിലെ ജീവ -
ജാലങ്ങൾക്ക്
പറ്റുമോ പ്രതികരിക്കാൻ ?

ഫാത്തിമ മിന്ന എൻ

# ഡയാനയുടെ സ്വപ്നം

ഗ്രാമത്തിലേക്ക് പോകാനുള്ള ഒരുക്കത്തിലാണ് ഡയാന.അവൾക്ക് ഏഴ് വയസ്സ് പ്രായമുണ്ട്.അവൾ ഇന്ന് വരെയായിട്ട് ഗ്രാമം കണ്ടിട്ടില്ല.ഗ്രാമത്തിലാണ് അവളുടെ ഗ്രാന്മയുടെ വീട്.ഗ്രാമത്തെ കുറിച്ച് ഒഴിവ് കിട്ടുമ്പോഴെല്ലാം ഡാഡിയോട് ചോദിക്കാറുണ്ട്.ഗ്രാമത്തെ കുറിച്ച് ആലോചിച്ചിരിക്കുകയാണ്.

ഡയാന...... വന്ന് ഫുഡ് കഴിക്ക്...

മമ്മിയുടെ വിളി വന്നു.അവൾ ഓടി വന്നു.

എപ്പോഴാ മമ്മി പുറപ്പെടുക..

നമ്മൾ ഇപ്പൊൾ പുറപ്പെടും,വേഗം ഫുഡ് കഴിച്ച് റെഡിയാക്.....

കുറച്ച് സമയത്തിന് ശേഷം അവർ പുറപ്പെട്ടു.കാറിലാണ് യാത്ര.അവൾ ഗ്രാമത്തെ കുറിച്ച് കണക്ക് കൂട്ടാൻ തുടങ്ങി.പതിയെ അവൾ മയങ്ങി.

നല്ല പച്ചപ്പ് നിറഞ്ഞ പ്രദേശം.....ചുറ്റിലും വയലുകൾ...കിളികൾ ചിലക്കുന്നു.. പൂക്കളുടെ സുഗന്ധമുള്ള കാറ്റ്.... അവർ അതിനകത്തേക്ക് പ്രവേശിച്ചു.അവിടെ ഒരു ഗ്രാന്മ..... അവൾ ഓടിച്ചെന്നു. അവൾ ഗ്രാന്മയെ കെട്ടിപ്പിടിച്ചു. മുത്തങ്ങൾ നൽകി, ഗ്രാന്മക്ക് സന്തോഷമായി,അവർ എല്ലാവരും ഗ്രാമം കാണാനായി ഇറങ്ങി.കുളക്കരയിലൂടെ അവർ നടന്നു. പെട്ടന്ന് എന്തോ വീഴുന്ന ശബ്ദം കേട്ട് അവർ തിരിഞ്ഞ് നോക്കി.അവിടെ കണ്ട കാഴ്ച അവരെ ഞെട്ടിച്ചു.അതാ ഡയാന കുളത്തിൽ മുങ്ങിപ്പൊങ്ങുന്നു.എല്ലാവരും ചേർന്ന് അവളെ ഹോസ്പിറ്റലിൽ എത്തിച്ചു.പക്ഷെ............. വിധി മറ്റൊന്നായിരുന്നു.പിന്നെ അവിടെ

കരച്ചിലായി............ബഹളമായി..........

ഡയാനാ...... മോളെ എഴുന്നേൽക്ക് .എന്തൊരു ഉറക്കമാണിത്. അവൾ ഞെട്ടി ഉണർന്നു.

ഇറങ്ങ് ഇതാണ് ഗ്രാമം......

മമ്മി അവളോട് പറഞ്ഞു.സ്വപ്നത്തിൽ കണ്ടതിലും മനോഹരമായ ഗ്രാമം....................

ആയിഷ റിസാന
വിപി

# പ്രണയം

പ്രണയിക്കുകില്ലെങ്കിൽ
കൊല്ലും ഞാൻ
അവനവൾക്കായി
കുറിച്ചു നോട്ടിൽ
അതുകണ്ടു ദുഖി
ച്ചടുത്ത പേജിൽ കരൾ മുറിച്ചാപ്പെണ്ണു
ചത്തുപോയി

അതു പത്രവാർത്തയായ്
കണ്ടുപോയോർ
പ്രണയമോഹത്തിൻ കഴുത്തറുത്തു

അർജുൻ പി

# രാജകുമാരി സിൽസില

ഒരിടത്തൊരു വലിയ രാജ്യത്തിൽ ഭരണം നടത്തിക്കൊണ്ടിരിക്കുകയായിരുന്ന ഷാം രാജാവ്. ഷാം രാജാവിൻെറ മകളാണ് രാജകുമാരി സിൽസില.അവൾ അതി മനോഹരിയും നല്ല മനസ്സുള്ളവളും ആയിരുന്ന . രാജാവിൻെറ ഒരേയൊരു പുത്രിയാണ് സിൽസില. അവൾക്ക് അമ്മ ഇല്ല. കുറേ കാലങ്ങൾക്ക് ശേഷം മറ്റൊരു രാജ്യത്തു നിന്ന് അക്രമം നേരിടേണ്ടി വന്നു. അപ്പോൾ രാജാവ്  വളരെ പരിഭ്രാന്തനായി. അദ്ദേഹം മകൾ സിൽസിലയെ അവളുടെ അമ്മാവൻെറ വീട്ടിലെക്ക് പറഞ്ഞു വിട്ടു. പോകുന്ന വഴി അവളെ ഒരു സർപ്പം വഴി കാണിച്ച് കൊടുത്ത് സഹായിച്ചു.സിൽസിലക്ക് ഒരു മാന്ത്രിക അരഞ്ഞാണം ഉണ്ടായിരുന്നു. അതിൻെറ മാന്ത്രികത അവൾക്ക് അറിയില്ലായിരുന്നു. സർപ്പത്തിന് ഇതെല്ലാം അറിയാമായിരുന്നു. വഴി കാണിച്ച് കൊടുത്തതിൻെറ പ്രത്യുപകാരമായി സർപ്പം അവളോട് അവളുടെ അരഞ്ഞാണം സമ്മാനമായി തരാൻ പറഞ്ഞു. അവളതിൻെറ മാന്ത്രികത അറിയാതെ അത് സർപ്പത്തിന് സമ്മാനമായി കൊടുത്തു. കുറെ ദൂരം നടന്നതിനു ശേഷം സർപ്പം അവളോട് ഒരു മരച്ചുവട്ടിൽ ഇരിക്കാൻ പറഞ്ഞു. അവളത് അനുസരിക്കുകയും ചെയ്തു. ഈ അവസരം മുതലാക്കി സർപ്പം അവിടെ നിന്ന് സ്ഥലം വിട്ടു.രാജകുമാരി സർപ്പത്തിൻെറ ചതിയിൽപ്പെട്ട് അമ്മാവൻെറ വീട്ടിലെത്താതെ അലഞ്ഞു തിരിഞ്ഞു നടന്നു.

ബൽക്കീസ് പി.ക

# കുടയില്ലാത്തവൾ

ആഹ്! നല്ല മഴ.ആ നിംന മഴ കൊണ്ട് വരുന്നുണ്ടാകും.പാവം!! ചിരിച്ച് കൊണ്ട് സ്നേഹ മനസ്സിൽ പറഞ്ഞു.അല്ല ആരാ നിംന എന്നറിയേണ്ടേ.അതൊരു കഥയാണ്.

നിംനക്ക് അച്ഛനില്ല.അമ്മയുണ്ട്.ഒറ്റമകളാണ് നിംന.അമ്മ വീട്ടുജോലി ചെയ്തുണ്ടാക്കുന്ന  പണമാണ് അവരുടെ ജീവിത ഉപാതി.സ്നേഹ ഒരു കുശുമ്പിയാണ്.അവളുടെ വീട്ടിലാണ് നിംനയുടെ അമ്മ ജോലി ചെയ്യുന്നത്.അവൾക്ക് അതിൻറെ ജാഡയുമുണ്ട്.സ്നേഹ ഒരു വലിയ വീട്ടിലെ കുട്ടിയാണ്,എന്നാൽ നിംന ഒരു പാവം വീട്ടിലെ കുട്ടിയാണ്.അവൾക്ക് നല്ല വസ്ത്രം പോലും ഇല്ല,എന്തിന് ഒരു കുടപോലും ഇല്ല.അവർ രണ്ട് പേരും ഒരു ക്ലാസിലാണ് പഠിക്കുന്നത്.

നല്ല മഴയുള്ള ഒരുപ്രഭാതത്തിൽരണ്ട്പേരുംസ്കൂളിലേക്ക്പോവുകയായിരുന്നു.സ്നേഹക്ക് നല്ല കുടയും നല്ല വസ്ത്രങ്ങളും ഉണ്ട് അവളതിലാണ് സ്കൂളിലേക്ക് വരുന്നത്.നിംന !! പാവം,അവൾ പുസ്തകം ചുരുട്ടിപ്പിടിച്ച് മഴയത്ത് ഓടുകയാണ്.നിംന ഓടി സ്നേഹയുടെ അടുത്തെത്തി.എന്നിട്ട് നിംന പറഞ്ഞു:സ്നേഹേ.... സ്നേഹേ..... എന്നാൽ സ്നേഹ അറിയാത്ത മട്ടിൽ നിന്നു.എന്നാൽ നിംന അത് കാര്യമാക്കാതെ വീണ്ടും വിളിച്ചു:സ്നേഹേ... സ്നേഹേ....അപ്പോൾ സ്നേഹ ദേഷ്യത്തോടെ പറഞ്ഞു.
എന്താണെടീ......നിംന പേടിച്ച് കൊണ്ട് പറഞ്ഞു:
നിന്റെ.....നിന്റെ കുടയിൽ എന്നേയും കയറ്റുമോ!!!!!
ഏയ് പറ്റില്ല,ഇത് എന്റെ പുതിയ കുടയാണ്, ഇതിൽ നിന്നെപ്പോലെയുള്ളവരെ കയറ്റില്ല, എന്ന് പറഞ്ഞ് സ്നേഹ വേഗം നടന്നു.കുറച്ച് കഴിഞ്ഞ് അവൾ മുന്നിൽ നിന്ന് മാഞ്ഞു പോയി.നിംന ചളിയിൽ ചവിട്ടിക്കൊണ്ട് വേഗം ഓടി.ഉടുപ്പിലെല്ലാം ചെളി തെറിച്ചു.എന്നാൽ നിംന അത് കാര്യമാക്കാതെ വീണ്ടും ഓടി.വഴുതിയ കല്ലിൽ ചവിട്ടി നിംന താഴെ വീണു.കാലിൽ നിന്ന് ചോര പൊടിയുന്നുണ്ടായിരുന്നു.മുഖത്തെല്ലാം ചെളി പുരണ്ടിട്ടുണ്ട്.അവൾ പാവാട കൊണ്ട് മുഖം തുടച്ചു.അപ്പോൾ സ്കൂളിലെ ബെല്ല് നീളെ വിളിക്കുന്നത് അവൾ കേട്ടു.അവൾ സങ്കടം കൊണ്ട് വേഗം ഓടി.എങ്ങനെയോ അവൾ സ്കൂളിലെത്തി.അവൾ ക്ലാസിലെ വാതിൽക്കൽ ചെന്നു.എന്നിട്ട് ചോദിച്ചു:
മേ ഐ കമിങ് ടീച്ചർ!!ടീച്ചർ അവളുടെ അടുത്ത് വന്നുകൊണ്ട് പറഞ്ഞു:
ഇങ്ങനെയാണെങ്കിൽ ഇനി നീ ക്ലാസിൽ വരണ്ട!! ഇന്ന് നീ പുറത്ത് നിന്നോ!!!
ചെളി പുരണ്ട അവളെ കണ്ട് സ്നേഹ പൊട്ടിച്ചിരിച്ചു.ആ ചിരിയിൽ എല്ലാവരും പങ്ക്ചേർന്നു,അതൊരു ബഹളമായി മാറി........
സങ്കടവും വേദനയും ഒരുമിച്ച് അവളുടെ മനസ്സിൽ കുത്തിക്കയറി......

ഫസ്ന ജാസ്മിൻ

## ഹരിത ജീവിതം

മായുന്ന ദിനങ്ങളിൽ
പുലരുന്ന നാം ഇതാ
സ്യപ്നങ്ങൾ മൊട്ടിട്ടു
ഇണരുന്ന പ്രാദാതം
കുരിരു ൾ കൊണ്ട് ആരെയും
ദീകരമാക്കി കൊണ്ട് കാഴ്ച
പേടിപ്പെടുത്തുന്ന രാത്രിയും
വന്നു ഓരോ രാവും
ജീവിതം ഹരിതമാക്കാൻ
സൃഹൃദമെന്നൊരു വികാരമെത്തി
ഇരുട്ടിനെ അറ്റാൻ
പുലരി സൃഹൃദത്താൽ
ജീവിതം ഹരിതമാക്കി.

-റഹ് ല

# പരിശ്രമം കൊണ്ട് ശ്രീമാനാകാം

വീട്ടിൻ മുറ്റത്തുള്ളൊരു തെങ്ങിൻ
മേലോട്ടൊന്നു നോക്കീടാം
കാറ്റത്താടും കാക്കക്കൂടതൊന്നു
കാണാനെന്തു രസം
ചുള്ളിക്കമ്പുകൾ കൂട്ടിയൊരുക്കി
നെയ്തിട്ടുള്ളൊരു കൂടാണ്
മടിക്കൂടാതെ ശ്രമിച്ചപ്പോഴാ കാക്കച്ചിക്കോ
അന്തിയുറങ്ങാൻ കൂടായി
കാക്ക കൂട്ടിൽ മുട്ടയിട്ടന്നൊരു
കുയിലമ്മക്കും സുഖമായി
അലസത വെടിഞ്ഞ് പരിശ്രമിച്ചാൽ
നമുക്കും നേടാം വിജയങ്ങൾ

റമീഷ തെസ്നീം കെകെ

# ഭാരം കുറക്കാൻ

ഒരു ദിവസം ഹോജ തന്റെ കഴുതയെയും കൂട്ടി ചന്തയിലേക്ക് പോയി.

കുറച്ച് പച്ചക്കറികളും പഴങ്ങളുമൊക്കെ വാങ്ങണം.

ഹോജ പുതുതായി തുടങ്ങിയ കടയിലേക്കുള്ളതാണ് അവ.

അങ്ങാടിയിലെത്തിയ ഹോജ വലിയൊരു ചാക്കുനിറയെ പച്ചക്കറികളും മറ്റൊരു ചാക്കിൽ പഴവർഗ്ഗങ്ങളും വാങ്ങി.അവ രണ്ടും കഴുതയുടെ പുറത്തു വെച്ചു.അൽപം ഭാരം കൂടുതലുള്ളതിനാൽ കഴുത അൽപം ക്ലേശിച്ചു.

ഇനിപുറപ്പെടാം എന്ന് മനസ്സിൽ പറഞ്ഞ് ഹോജ കഴുതയുടെ പുറത്ത് കയറി.വലിയ രണ്ടു ചാക്കു നിറയെയുള്ള ചരക്കുകളുടെ ഭാരവും ഹോജയുടെ ഭാരവും കഴുതക്ക് താങ്ങാവുന്നതിലും അധികമായി.

വളരെ പ്റയാസത്തോടെ അത് ഒരുവിധം നടന്നു നീങ്ങി.

രണ്ടു ചരക്കുകളുടെയും തന്റെയും ഭാരം കാരണം കഴുത പ്റയാസത്തോടെ നടക്കുന്നതു കണ്ടപ്പോൾ ഹോജക്ക് സംഗടം തോന്നി.

പാവം വല്ലാതെ വിഷമിക്കുന്നുണ്ട്.കഴുതയുടെ ഭാരം കുറക്കാൻ എന്താണു വഴി.ഹോജ ചിന്തിച്ചു.

നീ വല്ലാതെ വിഷമിക്കുന്നുണ്ട് അല്ലേ കഴുതക്കുട്ടാ....?ഹോജ ചോദിച്ചു.

പെട്ടെന്ന് ഹോജക്കൊരു ബുദ്ധി തോന്നി.കഴുതയുടെ മുകളിലുള്ള ഭാരം കുറക്കാൻ നല്ലൊരു വഴി ഹോജയുടെ മനസ്സിൽ തെളിഞ്ഞു.

വിഷമിക്കാതെ കഴുതക്കുട്ടാ, നിന്റെമേലുള്ള ഭാരം ലഘൂകരിക്കാൻ ഒരു വഴി ഞാൻ കണ്ടെത്തിക്കഴിഞ്ഞു.

അതുപറഞ്ഞു ഹോജ എന്തുചെയ്തെന്നോ?കഴുതയുടെ പുറത്തു നിന്ന്ഒരു ചാക്ക് എടുത്ത് തന്റെതലയിൽ വെച്ചു.എന്നിട്ട് കഴുതയോട് പറഞ്ഞു.

ഭാരം കൂടിയെന്ന് നീയിനി വിഷമിക്കേണ്ട.ഒരുചാക്ക് ഞാൻ ചുമന്നിട്ടുണ്ട്.

ഇനി സുഖമായി നടന്നോളൂ....,

റിൻഷ നിദ പി

# അവൻ

പൊട്ടിത്തെറിച്ചു
പൊടിഞ്ഞു പോം പ്രമത്തെ
മൊത്തം പെറുക്കിയെടുത്തു
വിഡ്ഢിത്തമത്രയും ചെന്തീക്കനലുപോൽ
പൊള്ളും കരളിൽ സൂക്ഷിച്ചു
പൊട്ടിയൊലിക്കും സമൂഹം
പ്രത്യക്ഷമായുണ്ടു ജീവിച്ചു പോന്നവൻ
അത്യന്തവാശിയോടെന്നും.

റിഥുൽ മോഹൻ.കെ

# ഭാഗ്യദോഷി

സൂര്യപ്രകാശം കണ്ണിൽ സൂചി കുത്തിയ പോലെ മുറിവേൽപ്പിച്ചു.പീടിക ത്തിണ്ണയിൽ കീറച്ചാക്കു മടക്കി അയാൾ എണീറ്റിരുന്നു.വിശപ്പ് കടിച്ചൊതുക്കി അയാൾ നടന്നു തുടങ്ങി.വഴിയോരത്തു നിന്നും തനിക്കായ് ഒരാൾ ബാക്കി വച്ച ഭക്ഷണം എടുത്തു ആർത്തിയോടെ കഴിക്കാൻ തുടങ്ങി.പെട്ടന്ന് ആരൊ തൻെറ മുണ്ട് പിടിച്ചു വലിച്ചു.നോക്കിയപ്പോൾ തൻെറ പേരക്കുട്ടിയുടെ പ്രായം തോന്നിക്കുന്ന ഒരു കുഞ്ഞുമോൾ. ഭാര്യ മരിച്ചപ്പോൾ പുറത്തിറങ്ങിപ്പോയ മകൻ ഇന്നെവിടെയാതു നീട്ടി.അയാൾ അവളെ പറ്റി വിശദമായി ചോദിച്ചറിഞ്ഞു. പിന്നീടെന്നുമവർ കണ്ടുമുട്ടി തുടങ്ങി.മരണം വരെ ആവോളം സ്നേഹിച്ച ഇപ്പോഴിതാ അതെ അവളിൽ എവിടെ നിന്നോ വന്ന പെൺക്കുട്ടിയുടെ സ്നേഹം അതയാളെ ജീവിതത്തിലേക്ക് തിരിച്ച് കൊണ്ടു വന്നു.അവർ വല്ലാതെ അടുത്തുപ്പോയി.ഒരു ദിവസം അവളെ കാണാതായപ്പോൾ അയാൾ വല്ലാതെ പരിഭ്രമിച്ചു.വഴിയിൽ കൂടിനിന്ന ആൾക്കൂട്ടത്തിനിടയിൽ അയാളവളെ അന്വോഷിച്ചു നടന്നു. ഒടുവിൽ ഭയാനകമായ  കാഴ്ച്ച കണ്ട് അയാൾ വാവിട്ടു കരഞ്ഞു.അവളുടെ ചേതനയറ്റ ശരീരം റോഡിൽ- ബസ്സുകളുടെ മരണപ്പാച്ചിലിൻെറ ഇര:-

എന്തു കൊണ്ടാണ് സ്നേഹിക്കുന്നവരെല്ലാം ഒന്നൊന്നായി തന്നെ വിട്ട് പോകുന്നത്? ഒരിക്കലും വന്നു ചേരാത്ത ഒരുത്തരവും അന്വോഷിച്ച് അയാൾ നിരന്തരയാത്രയിലാണ്............

സജ്ന എൻവി

# ഭൂമിയമ്മേ....!

ഭൂമിയമ്മേ......

നിന്നെ ഞാൻ വണങ്ങുന്നു.

ഈ നീചർക്കിടയിലും

നീ തളരാതെ ജീവിക്കുന്നു.

നിനക്കൊരു പുനർ ജന്മം

ഇനിയുണ്ടാകുമോ?

ആദ്യമാദ്യം നീ അനുഭവിച്ച

മുറിവുകൾ വളരെ വേദനാ ജനകം

നിനക്കു തന്ന മുറിവുകൾക്ക് പ്രതിഫലം

ഞങ്ങൾ അനുഭവിക്കുന്നു

ഇനിയും പ്രതീക്ഷിക്കേണമോ

നിൻെറ ക്രോധത്തിൻ ഫലം!

സജ്ന എൻവി

# പൂവർണം

വിരിയും വർണ്ണാഭമായ്
പൊടിയും പൂമ്പാറ്റയായ്
നനയും നീലാകാശമായ്
മിഴിയും മിഴിയിലായ്
പൊഴിയും പൂക്കളായ്
കരയും കണ്ണിനായ്
ഞെരിയും ഹൃദയത്തിനായ്
സഹിക്കും നിനക്കായ്
മുന്നിടം സൗഹൃദത്തിനായ്
വിരിയും പൂക്കളായ്
സർവ്വവും നന്മക്കായ്
മൂടിട്ടും ഹിമമായ്
വാണിട്ടും മനുഷ്യരായ്
കാത്തിരിക്കുക നാളത്തെ നന്മക്കായ്

ഷഹന ഷെറിൻ എ

# അനുഭവിക്കുന്നതെന്ത്?

ആകാശത്തിൽ ദിനംകൊണ്ടാട്ടും കിളികളെ,

പൂവിൽ തേൻനുകരും പൂമ്പാറ്റയെ,
ഇളംകാറ്റിലാട്ടും പുൽനാമ്പുകളെ,
നിങ്ങളെന്താണനുഭവിക്കുന്നത്?
സന്തോഷമോ?അതോ
അതിനെ കീറിമുറിക്കും ദു:ഖമോ?

ഷഹന ഷെറി

# സ്വഭാവം

മ്യാവൂ  മ്യാവൂ പൂച്ച
എലിയെ പിടിക്കും പൂച്ച
കണ്ണുമടച്ചു  പാലുകുടിക്കും
എന്നുടെ കണ്ടൻ പൂച്ച
ക്കുക്കു ക്കുകും കോഴി
അംഗം വെട്ടും കോഴി
കണ്ടൻ കുറുക്കനെ കണ്ടാൽ
ഓടിഒളിക്കും കോഴി
കാ കാ കാ കാ കാക്ക
കറുത്തിരുണ്ടൊരു കാക്ക
കുഞ്ഞിൻ കൈയിലെ നെയ്യപ്പത്തിൽ
കണ്ണുവെക്കും കാക്ക

ശ്രുതി കെ

# അമ്മുവിൻെറ സ്മാർട്ട് ഫോൺ

ഒരിടത്ത് ഒരു ഗ്രാമത്തിൽ ഒരു കൊച്ചു വീടുണ്ടായിരുന്നു .
ആ കൊച്ചു വീട്ടിൽ അമ്മു എന്നു പേരുള്ള ഒരു കുട്ടിയുണ്ടായിരുന്നു .അവൾ മിടുക്കിയാണ് .പഠിത്തത്തിലൊക്കെ മുന്നിലായിരുന്നു .അവൾക്ക് ഒരു ആഗ്രഹം ഒരു സ്മാർട്ട് ഫോൺ വേണമെന്ന് .അങ്ങനെ അവളുടെ ആഗ്രഹം സാധിച്ചു .ഒരു സ്മാർട്ട് ഫോൺ കയ്യിൽ കിട്ടി .ആ ഫോൺ കിട്ടിയതിനു ശേഷം അവൾ ആകെ മാറി .പഠിത്തത്തിൽ ശ്രദ്ധിക്കാതെ
മടികൂടിയ ഒരു കുട്ടിയായി . അങ്ങനെ പരീക്ഷയിലെ മാർക്ക് കുറവുകാരണം കാര്യം അന്വേഷിച്ചു .സ്മാർട്ട് ഫോണാണു വില്ലൻ .
ആ വില്ലനെ അവളിൽ നിന്നും അകറ്റി .അങ്ങനെ അവളൊരു നല്ല കുട്ടിയായി മാറി .

റഷീക്ക യാസ്മിൻ .പി

# കേരളം

പുഴയും കാടും പുൽമേടും
പൂക്കളുലകൃത  പൂവനവും
തെങ്ങുകൾ  നിറയെ കുലകളുമായ്
കാണാനെന്തൊരു  അഴകാണ്
കടലലലയാലൊരു  താരാട്ടും
തോരാ മഴയിൽ നീരാട്ടും
എന്നും നിയൊരു ഭാഗ്യവതി
കേരളം  നിന്നെടെ പേരാണ്

രജേശ്വരി കെ